**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.6357** — **03.04.2018-ൽ മറുപടിയ്ക്ക്**

## സാംസ്കാരിക സമുച്ചയങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.സ്വരാജ് | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ ; | (എ) നവോത്ഥാന നായകരുടെ നാമധേയത്തിൽ ഓരോ ജില്ലയിലും 50 കോടി രൂപ വീതം ചെലവാക്കി നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയ പദ്ധതിക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്നതിനായി പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ് സ് എന്ന ഏജൻസിയെ ടെണ്ടർ നടപടി മുഖേന തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിക്കായി ഓരോ ജില്ലയിലും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ധ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. പത്തനംതിട്ട, കോട്ടയം, വയനാട് ജില്ലകളിലൊഴികെയുള്ള ജില്ലകളിൽ സ്ഥലലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. വിവിധ ജില്ലകളിൽ സ്ഥല ലഭ്യത, കൈവശാവകാശത്തിന്റെ കൈമാറ്റം എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (ബി) പ്രസ്തുത നടപടിയുടെ ഭാഗമായി എറണാകുളം ജില്ലയിൽ എവിടെയാണ് സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിൽപ്പെട്ട കണയന്നൂർ താലൂക്കിൽ നടമ-തെക്കുംഭാഗം വില്ലേജിൽ ബ്ലോക്ക് 372-ൽ റീ സർവ്വേ നമ്പർ 47-ൽ പ്പെട്ട 1.90.20 ഹെക്ടർ ഭൂമി കണ്ടെത്തിയിട്ടുണ്ട്, കൺസൾട്ടൻസി കമ്പനി സ്ഥലം സന്ദർശിച്ച് പരിശോധന നടത്തി. വെള്ളം നിൽക്കുന്ന സ്ഥലമായതിനാൽ ടോപ്പോഗ്രാഫിക് സർവ്വേ തുടങ്ങിയ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. |
| (സി) ഈ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ? | (സി) വിവിധ ജില്ലകളിൽ സ്ഥല ലഭ്യത, കൈവശാവകാശത്തിന്റെ കൈമാറ്റം എന്നിവ പൂർത്തിയാക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ